"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്-ചോറോട് ഗ്രാമപഞ്ചായത്തിന് സമീപം ദേശീയപാത 66 ൽ പഴയ റെയിൽവേ ഗേറ്റ് റോഡ് ഉപയോഗപ്പെടുത്തി റിക്രിയേഷൻ സെന്റർ നിർമ്മാണം- പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.110/2025/PWD തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-

1. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.07.2023, 21.09.2023, 04.01.2024 , 14.03.2024, 30.05.2024 തീയതികളിലെ CEPWD/19283/2022-AE7(W)-NH നമ്പർ കത്തുകൾ
2. വിനോദസഞ്ചാര(സി) വകുപ്പിന്റെ 26.11.2024 ലെ Tour-C1/254/2024-Tour നമ്പർ അനൗദ്യോഗിക കുറിപ്പ്

**<u>ഉത്തരവ്</u>**

ചോറോട് ഗ്രാമപഞ്ചായത്തിന് സമീപം ദേശീയപാത 66 ൽ പഴയ റെയിൽവേ ഗേറ്റ് റോഡ് ഉപയോഗപ്പെടുത്തി റിക്രിയേഷൻ സെന്റർ വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകാവുന്നതാണ് എന്ന് പരാമർശം 1 ലെ കത്ത് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരുന്നു.

- നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.
- യാത്രക്കാർക്ക് സുരക്ഷിത മാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിനായി റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ ക്രമീകരിക്കേണ്ടതാണ്.
- നിലവിലുള്ള റോഡിലെ യാത്രയ്ക്ക് നിർമ്മിതിമൂലം തടസ്സം ഉണ്ടാകാൻ പാടില്ല.
- പൊതുമരാമത്ത് വകുപ്പിന് സ്ഥലം ആവശ്യമായി വരുന്ന പക്ഷം ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ നിർമ്മിതികൾ നീക്കം ചെയ്ത് സ്ഥലം തിരികെ നൽകേണ്ടതാണ്.
- നിർമ്മാണം തുടങ്ങുന്നതിന് മുൻപ് എക്സിക്യൂട്ടിവ് എഞ്ചിനീയറെ വിവരം അറിയിക്കേണ്ടതാണ്.
- ബന്ധപ്പെട്ട രേഖകൾ എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ മേൽനോട്ടത്തിൽ പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥ, റോഡ് വികസനത്തിനോ മറ്റു ആവശ്യങ്ങൾക്കോ സ്ഥലം ആവശ്യമായി വരുമ്പോൾ യാതൊരു തടസ്സവും കൂടാതെ വകുപ്പിന് ഭൂമി തിരികെ വിട്ടു നൽകാമെന്ന വ്യവസ്ഥ , പരാമർശം 1 പ്രകാരം വ്യക്തമാക്കിയ മറ്റ് ആവശ്യമായ വ്യവസ്ഥകൾ എന്നിവ

ഉൾപ്പെടുത്തി, എക്സിക്യൂട്ടീവ് എൻജിനീയർ തലത്തിൽ പഞ്ചായത്ത് സെക്രട്ടറിയുമായി ഉടമ്പടി വെച്ച് കൊണ്ട് നിരാക്ഷേപ പത്രം നൽകുന്നതിന് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാത വിഭാഗം
സൂപ്രണ്ടിംഗ് എഞ്ചിനീയർ(ഉത്തരമേഖല) ദേശീയപാത വിഭാഗം
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി, ചോറോട് ഗ്രാമപഞ്ചായത്ത്, മുട്ടുങ്ങൽ വെസ്റ്റ് പിഒ, കോഴിക്കോട്
വിനോദസഞ്ചാര വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 22-01-2025 17:13:11
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് ന്